# 4 ഭയകൗടില്യലോഭങ്ങൾ വളർക്കില്ലൊരുനാടിനെ



മധ്യവയസ്കനായ ഒരു പുരോഹിതനും ഭാര്യയും മൂന്നു മക്കളും ഒഴിവുകാലം ആഘോഷിക്കാനായി മലഞ്ചരിവിലെ പിക്നിക്ക് സങ്കേതത്തിലെത്തി. കുടുംബാംഗങ്ങൾ താൽക്കാലിക ടെന്റിനുമുന്നിൽ ആടിപ്പാടി ആഘോഷങ്ങളിൽ മുഴുകി. ഇടയ്ക്ക് അമ്മ കൂടാരത്തിനകത്ത് നോക്കിയപ്പോൾ, തൊട്ടിലിൽ കിടത്തിയ മൂന്നുമാസം പ്രായമായ കുഞ്ഞിനെ കാണാനില്ല. നേർത്ത ഇരുളിലൂടെ ഒരു കാട്ടുനായ കുറ്റിക്കാട്ടിലേക്ക് ഓടിമറയുന്നത് ചിലർ കണ്ടിരുന്നു. ചൂട്ടും പന്തവുമായി ആളുകൾ രാത്രി മുഴുവൻ തിരഞ്ഞെങ്കിലും കുഞ്ഞിനെ കണ്ടെത്താനായില്ല. ആ കുടുംബത്തിന്റെ ദുഃഖത്തിൽ സമൂഹം മുഴുവൻ പങ്കുകൊണ്ടു.

ഇതിനിടയിൽ കുഞ്ഞിനെ കാണാതായതു സംബന്ധിച്ച് ഊഹാപോഹങ്ങൾ പരന്നു. പത്തു റാത്തൽ തൂക്കംവരുന്ന ഒരു കുട്ടിയെ കടിച്ചെടുത്തുകൊണ്ടു പോകാൻ കാട്ടുനായക്കു കഴിയില്ലെന്ന് ഒരു ജന്തുശാസ്ത്രജ്ഞൻ പ്രസ്താവന ഇറക്കി. പത്രങ്ങളും ടെലിവിഷൻ ചാനലുകളും സംഭവം ഏറ്റെടുത്തു. ജന്തുശാസ്ത്രജ്ഞനുമായുള്ള അഭിമുഖങ്ങൾ; അവരുടെ കുടുംബബന്ധം ശിഥിലമാണെന്ന ചില റിപ്പോർട്ടുകൾ...

മാധ്യമങ്ങൾ വിധിയെഴുതി-അമ്മ കുഞ്ഞിനെ കൊന്നതുതന്നെ. അവർ അറസ്റ്റ് ചെയ്യപ്പെട്ടു. ദുഃഖിതയായ അമ്മയുടെ മൊഴികളിൽ പരസ്പരവൈരുധ്യമുണ്ടെന്ന് വിചാരണവേളയിൽ കോടതി കണ്ടെത്തി. അവർ കൊലക്കുറ്റത്തിന് ശിക്ഷിക്കപ്പെട്ടു.

എട്ടുവർഷത്തിനുശേഷം ആ താഴ്വരയിൽ കാണാതായ ഒരു ഇംഗ്ലീഷ് ടൂറിസ്റ്റിനെ അന്വേഷിച്ചെത്തിയ സംഘത്തിന് ചോരപ്പാടുകളുള്ള ഒരു കുഞ്ഞുവസ്ത്രം കിട്ടി. അതിനെക്കുറിച്ചുള്ള അന്വേഷണം വർഷങ്ങൾക്കു മുമ്പ് കാണാതായ കുഞ്ഞിലേക്കു നീണ്ടു. വസ്ത്രത്തിൽ കാട്ടുനായയുടെ കോമ്പല്ലുകൾ പതിഞ്ഞിരുന്നതായി തിരിച്ചറിഞ്ഞു. പുനരന്വേഷണത്തിൽ കുഞ്ഞിനെ കാട്ടുനായ കൊണ്ടുപോയതാണെന്ന് സംശയാതീതമായി തെളിയിക്കപ്പെട്ടു.

മാധ്യമങ്ങളാലും കോടതിയാലും കുറ്റവാളിയെന്നു വിധിക്കപ്പെട്ട ലിൻഡ ചേംബർലൈൻ എന്ന ആ അമ്മ എട്ടുവർഷത്തിനുശേഷം ജയിൽമോചിതയായി.

(1985ൽ ആസ്ത്രേലിയയിൽ നടന്ന ഈ സംഭവം 'ഈവിൾ ഏഞ്ചൽസ്' എന്ന പുസ്തകത്തിനും നിരവധി അവാർഡുകൾ നേടിയ 'ക്രൈ ഇൻ ദ ഡാർക്ക്' എന്ന സിനിമയ്ക്കും ഇതിവൃത്തമാവുകയുണ്ടായി.)

- ഈ സംഭവത്തെക്കുറിച്ച് പ്രതിപാദിക്കുന്ന പുസ്തകത്തിന് 'ഈവിൾ ഏഞ്ചൽസ്' എന്ന പേര് എത്രമാത്രം യോജിക്കുന്നു?

# ആധുനികകേരളത്തിന്റെ ചരിത്രത്തിൽ സ്വദേശാഭിമാനിയുടെ സ്ഥാനം

പി. ഗോവിന്ദപ്പിള്ള



കേരളക്കരയുടെ ചരിത്രത്തിൽ സ്വദേശാഭിമാനി പത്രാധിപർ കെ. രാമകൃഷ്ണപിള്ളയുടെ (1878-1916) സ്ഥാനം അതുല്യമാണ്. തിരുവിതാംകൂറിലെ രാജാധികാരത്തിന്റെയും സേവകവൃന്ദത്തിന്റെയും അഴിമതിയെയും ദുരധികാരപ്രമത്തതയെയും എതിർത്തതിന് 1910-ൽ നാടുകടത്തപ്പെട്ട സംഭവമാണ് അദ്ദേഹത്തെ അഖിലേന്ത്യാ പ്രശസ്തനാക്കിയത്. എങ്കിലും അദ്ദേഹത്തിന്റെ ആശയങ്ങളും ആദർശങ്ങളും കേരളമാകെ സ്വാധീനം ചെലുത്തുകയും നാടുകടത്തലിനു ശേഷം കൊച്ചിയിലും മലബാറിലുമായി പിൽക്കാല ജീവിതം നയിച്ച് തന്റെ ജീവിതദൗത്യം അഭംഗുരം തുടരുകയും ചെയ്തതിനാൽ അദ്ദേഹത്തെ ഒരു തിരുവിതാംകൂറുകാരൻ മാത്രമായി ചുരുക്കുന്നത് ചരിത്രദൃഷ്ട്യാ പ്രമാദമായിത്തീരും. അതുകൊണ്ടാണ് ആധുനിക കേരളചരിത്രത്തിലെ അദ്ദേഹത്തിന്റെ സ്ഥാനമെന്തെന്ന് പരിശോധിക്കാൻ ഇവിടെ മുതിരുന്നത്.

തെക്കൻ കേരളത്തിന്റെ തെക്കേ അറ്റത്ത് നെയ്യാറ്റിൻകര താലൂക്കിൽ ഒരു ഇടത്തരം നായർകൂട്ടുകുടുംബത്തിലാണ് രാമകൃഷ്ണപിള്ള ജനിച്ചത്. അച്ഛൻ നെയ്യാറ്റിൻകര ക്ഷേത്രത്തിലെ പൂജാരി നരസിംഹൻപോറ്റി. അമ്മ മുല്ലപ്പള്ളി വീട്ടിൽ ചക്കിയമ്മ. തറവാടു വീട്ടിലെ കാരണവരായ കേശവപിള്ളയുടെ സംരക്ഷണയിലാണ് രാമകൃഷ്ണപിള്ള വളർന്നത്.

വിദ്യാലയത്തിലും കോളേജിലും മിതഭാഷിയായി ഒതുങ്ങിയ മട്ടുകാരനായിരുന്നു രാമകൃഷ്ണപിള്ള. ഉറക്കംതൂങ്ങിയും മന്ദനുമായി കൂട്ടുകാരും അധ്യാപകരും അദ്ദേഹത്തെ വിലയിരുത്തി. പക്ഷേ, പരീക്ഷകൾക്കൊക്കെ പ്രശംസാർഹമായ ജയം. രാമകൃഷ്ണപിള്ള മെട്രിക്കുലേഷൻ ജയിച്ചപ്പോൾ 'ആ ഉറക്കംതൂങ്ങി ജയിച്ചുവെന്നോ' എന്ന് ഒരു അധ്യാപകൻ അത്ഭുതപ്പെട്ടു ചോദിച്ചുപോയി എന്നും പറയപ്പെടുന്നു. അതേത്തുടർന്ന് അനന്തരവനെ തന്റെ തൊഴിൽ സഹായിയായി കൂട്ടണം എന്നും തന്റെ മകളുടെ മുറച്ചെറുക്കനായ അയാളെ മരുമകനാക്കണമെന്നും ആശിച്ചിരുന്ന അമ്മാവൻ വക്കീൽ കേശവപിള്ള അയാളെ ഉപരിപഠനത്തിനായി തിരുവനന്തപുരത്ത് രാജകീയ കലാലയത്തിൽ ചേർത്തു.

അർധമൗനിയായി 'ഉറക്കംതൂങ്ങി'യെപ്പോലെ ക്ലാസ്മുറിയുടെ മൂലകളിൽ ഒതുങ്ങി ചിലപ്പോൾ അധ്യാപകന്റെ പ്രഭാഷണം ശ്രദ്ധിച്ചും ചിലപ്പോൾ ജാലകത്തിലൂടെ പുറത്തേക്കു ദൃഷ്ടി നട്ടും ഇരുന്നിരുന്ന ആ കുമാരന്റെ ഉള്ളം വികാരവിചാരങ്ങളാൽ പ്രക്ഷുബ്ധമായിരുന്നു എന്ന് ആദ്യമാരും കരുതിയില്ല. അന്ന് ലഭ്യമായിരുന്ന പുസ്തകങ്ങളും പത്ര

മാസികകളും അദമ്യമായ തൃഷ്ണയോടെ വായിച്ചു കിട്ടുന്ന അറിവും ചുറ്റുപാടും കണ്ടും കേട്ടും കിട്ടുന്ന വിവരങ്ങളുമാണ് ആ യുവ വിദ്യാർഥിയുടെ മനനത്തിനും മഥനത്തിനും വിഷയമായത് എന്നതും അധികമാരും അറിഞ്ഞിരുന്നില്ല. എന്നാൽ, അതൊക്കെ ഉള്ളിൽ ഒതുക്കി തന്റെ മനനത്തിനും ധ്യാനത്തിനുമായി ശേഖരിച്ചുവയ്ക്കുന്ന പ്രകൃതമായിരുന്നില്ല രാമകൃഷ്ണപിള്ളയുടേത്. കൗമാരാരംഭത്തിലേ കവിതയിലും ലേഖനവിദ്യയിലും വിരുതുകാട്ടാൻ തുടങ്ങിയിരുന്ന രാമകൃഷ്ണപിള്ള താൻ കണ്ടും കേട്ടും അറിഞ്ഞതും വായിച്ച് ഗ്രഹിച്ചതും ചിന്തിച്ച് ചെന്നെത്തിയതുമെല്ലാം വിവിധ പത്രമാസികകൾക്ക് എഴുതി അയച്ചുതുടങ്ങി. പലതും അച്ചടിച്ച് വന്നു. അവയ്ക്കെല്ലാം കിട്ടിയ അൽപ്പപ്രതിഫലങ്ങൾ ശോഷിച്ച തന്റെ കീശയെ അൽപ്പമെങ്കിലും വീർപ്പിക്കാൻ ഉതകുകയും ചെയ്തു.

അനന്തരവന്റെ ഈ വക അഭ്യാസങ്ങൾ അമ്മാവന് തീരെ രുചിച്ചില്ലെന്ന് പറയേണ്ടതില്ലല്ലോ. അക്കാലത്ത് നെയ്യാറ്റിൻകര കോടതിയിലെ മുൻസിഫ്, വക്കീലന്മാരിൽ നിന്നും കക്ഷികളിൽനിന്നും കോഴി, മുട്ട, നേന്ത്രക്കായ, മുറുക്ക്, പ്രഥമൻ തുടങ്ങി പലതും പതിവായി കൈപ്പറ്റി അതിനനുസരിച്ച് ജാമ്യമനുവദിക്കുകയും വിധി പ്രസ്താവിക്കുകയും ചെയ്തുവന്നത് അന്നാട്ടിൽ ഒരു രഹസ്യമല്ലായിരുന്നു. 'മലയാള മനോരമ'യിലെ 'നെയ്യാറ്റിൻകര കത്താ'യി അത് അച്ചടിച്ചുവന്നപ്പോൾ വിവർണനായ മുൻസിഫ് വക്കീൽ കേശവപിള്ളയെ ചേംബറിൽ വിളിച്ച് അനന്തരവന്റെ തോന്ന്യാസത്തെ മുൻനിർത്തി ശകാരിച്ചു. കേശവപിള്ള അതേ ശകാരം വീട്ടിലെത്തി അനന്തരവനും കൊടുത്തു. മാത്രമല്ല, ക്ലാസ് കഴിഞ്ഞ് കൃത്യമായി വീട്ടിലെത്തിയില്ലെങ്കിൽ ഫലം അപ്പോൾ കാണാമെന്ന താക്കീതും നൽകി; ലേഖനവിദ്യ ഉടൻ അവസാനിപ്പിച്ചുകൊള്ളണമെന്ന ഉഗ്രശാസനവും. ഉഗ്രശാസനം ലംഘിച്ചു എന്നു വരുത്താതെ കൃത്യസമയത്തു വീട്ടിലെത്തി 'മര്യാദരാമ' നായി നടന്നുകൊണ്ട് അനന്തരവൻ തന്റെ ഇഷ്ടവ്യാപാരം നിർവിഘ്നം അനുഷ്ഠിച്ചുകൊണ്ടിരുന്നു എന്നത് മറ്റൊരു കാര്യം.

1894-ൽ രാജകീയ കലാലയത്തിലെ വിദ്യാർഥിയായി ഈ പതിനാറുകാരൻ എത്തുമ്പോഴേക്കും വായനക്കാരനും എഴുത്തുകാരനും പത്രപ്രവർത്തകനും എന്ന നിലയിൽ പ്രായത്തിൽ കവിഞ്ഞ പക്വതയുള്ള ഒരാളായിത്തീർന്നിരുന്നു സ്മര്യപുരുഷൻ. സംഭവങ്ങളുടെയും വാർത്തകളുടെയും പ്രഭവസ്ഥാനമായിരുന്ന രാജധാനിയിലെ സ്വതന്ത്രാന്തരീക്ഷം നെയ്യാറ്റിൻകരയിലെ ശ്വാസംമുട്ടിക്കുന്ന വിലക്കുകളിൽ നിന്നു വിമുക്തി നേടാൻ അയാൾക്ക് സഹായകമായി. പല സുഹൃത്തുക്കൾ, പല എതിരാളികൾ, പല അപരിചിതർ, പ്രിൻസിപ്പൽ മിച്ചൽ സായിപ്പ്, മഹാനായ എ.ആർ.രാജരാജവർമ, പണ്ഡിതനായ രാമക്കുറുപ്പുമുൻഷി തുടങ്ങിയ അധ്യാപകശ്രേഷ്ഠന്മാർ, പിൽക്കാലത്ത് തിരുവിതാംകൂർചരിത്രത്തിൽ ഹൈക്കോടതി ജഡ്ജിമാരും മഹാകവികളും സാഹിത്യരസികന്മാരും പൊതുജനനേതാക്കളും മറ്റുമായി ഉയർന്ന ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള, ഉള്ളൂർ എസ്. പരമേശ്വരയ്യർ, പി.കെ.നാരായണപിള്ള ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ തുടങ്ങിയ സതീർഥ്യർ; കോളേജിന് പുറത്തെങ്കിലും സാഹിത്യലോകത്തിലും വിദ്യാഭ്യാസരംഗത്തും മഹാസാന്നിധ്യമായിരുന്ന സാഹിത്യസാർവഭൗമൻ കേരളവർമ വലിയ കോയിത്തമ്പുരാൻ, പൊതുജനനേതാവും ആഖ്യായികാകാരനുമായിരുന്ന സി.വി.രാമൻപിള്ള-എന്തിനേറെ പറയുന്നു, ആ മഹൽസംഗമത്തിലേക്കാണ് ഉൾനാട്ടുകാരൻ പയ്യൻ എത്തിപ്പെട്ടത്. ഇതിനകംതന്നെ അപകടകരവും വരുമാനം കുറഞ്ഞതുമായ തന്റെ ജീവിതദൗത്യം മിക്കവാറും തീരുമാനിച്ചുകഴിഞ്ഞിരുന്ന ആ ചെറുപ്പക്കാരന് തലസ്ഥാനനഗരിയുടെ പ്രതാപത്തിലോ സഹപാഠികളുടെ മഹത്ത്വാകാംക്ഷയിലോ ഭ്രമം തോന്നിയില്ല. അവിടെയും ധർമനിഷ്ഠമായ തന്റെ പത്രപ്രവർത്തനം ഊർജസ്വലമായി തുടരുകയാണ് ചെയ്തത്.

അതിനിടയ്ക്ക് രാമകൃഷ്ണപിള്ള മോഹിച്ചിരുന്ന ഒരു പദവി വീണുകിട്ടി; 'കേരളദർപ്പണം' എന്ന ഒരു വാർത്താപത്രികയുടെ പത്രാധിപത്യം. ഇത്രകൂടിയായപ്പോൾ അമ്മാവൻ കേശവപിള്ള വക്കീലിന്റെ ക്ഷമകെട്ടു. അനന്തരവൻ രാമകൃഷ്ണപിള്ളയെ അദ്ദേഹം തറവാട്ടിൽ നിന്നു പുറത്താക്കി. സാമ്പത്തികമായും മറ്റും അതൊരു പ്രഹരമായിരുന്നു എങ്കിലും രാമകൃഷ്ണപിള്ള അതും, രാജധാനിയിലെത്തിയതിനു ശേഷം അനുഭവപ്പെടാൻ തുടങ്ങിയിരുന്ന സ്വാതന്ത്ര്യത്തിന്റെ മറ്റൊരു പടവായി പരിഗണിച്ചു.

21-ാം വയസ്സിൽ രാമകൃഷ്ണപിള്ള 'കേരളദർപ്പണ'ത്തിന്റെ പത്രാധിപത്യം ഏറ്റെടുക്കുമ്പോൾ 20-ാം നൂറ്റാണ്ട് ആരംഭിക്കാൻ ഒരു വർഷം ബാക്കി. സ്വാതന്ത്ര്യസമരത്തിലെ പുതിയഘട്ടം. കഴ്സൺ പ്രഭുവിന്റെ ബംഗാൾ വിഭജനം, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലെ ഉൽപതിഷ്ണുക്കളും മിതവാദികളും തമ്മിലുള്ള പിളർപ്പ്, ബാലഗംഗാധരതിലകിന്റെ നാടുകടത്തലും ലാലാ ലജ്പത്റായിക്കെതിരായ രാജദ്രോഹക്കേസും - ഈ പറഞ്ഞ മിക്ക കാര്യങ്ങളെക്കുറിച്ചും അക്കാലത്തെ മറ്റൊരു പത്രവും പ്രസിദ്ധീകരിക്കാത്ത, മറ്റൊരു പത്രപ്രവർത്തകനും എഴുതാത്ത എത്രയോ കാര്യങ്ങൾ രാമകൃഷ്ണപിള്ള അദ്ദേഹം പ്രവർത്തിച്ചിരുന്ന ഒമ്പതു പത്രമാസികകളിൽ എഴുതിയിട്ടുണ്ട്. കൂടാതെ ദേശീയപ്രസ്ഥാനത്തിൽ അക്കാലത്ത് പ്രസിദ്ധനായിത്തീർന്നിട്ടില്ലാത്ത മോഹൻദാസ് കരംചന്ദ് (പിൽക്കാലത്ത് മഹാത്മാ) ഗാന്ധിയുടെ ജീവചരിത്രം, സോഷ്യലിസത്തെക്കുറിച്ചുള്ള പല ലേഖനങ്ങൾക്കു പുറമെ ഇന്ത്യൻ ഭാഷകളിൽ ആദ്യമായി രചിക്കപ്പെട്ട കാൾ മാർക്സിന്റെ ജീവചരിത്രം മുതലായവയും രാമകൃഷ്ണപിള്ളയുടെ വിശ്വവ്യാപകമായ വീക്ഷണത്തിന്റെയും അറിവിന്റെയും നിദർശനങ്ങളാണ്.

ഒമ്പതു പത്രങ്ങളിൽ രാമകൃഷ്ണപിള്ള പ്രവർത്തിച്ചിരുന്നു. ഒരു സ്വതന്ത്രലേഖകൻ എന്ന നിലയിൽ സ്കൂൾവിദ്യാഭ്യാസകാലം മുതലേ പ്രവർത്തിച്ചുവന്ന അദ്ദേഹം, 21-ാമത്തെ വയസ്സിൽ 'കേരളദർപ്പണ'ത്തിന്റെ പത്രാധിപരായി. കേരളദർപ്പണം വിട്ടശേഷം 'കേരളപഞ്ചിക', 'മലയാളി', കേരളൻ' എന്നീ പത്രങ്ങളുടെ പത്രാധിപസ്ഥാനം മാറിമാറി രാമകൃഷ്ണപിള്ള വഹിച്ചു. എന്തുകൊണ്ട് ഇവയിൽ ചിലത് നിന്നുപോയി, എന്തുകൊണ്ട് രാമകൃഷ്ണപിള്ള ചിലതുമായി തെറ്റിപ്പിരിഞ്ഞു എന്നൊന്നും ഇവിടെ വിവരിക്കുന്നില്ല. ഒരു പ്രധാന കാരണം രാമകൃഷ്ണപിള്ളയുടെ രാഷ്ട്രീയനിലപാടുകളിൽ ഉടമസ്ഥർക്കുണ്ടായ ഭിന്നാഭിപ്രായം തന്നെ. രാജാധിപത്യത്തെയും രാജസേവകന്മാരെയും വിമർശിക്കുന്നതിൽ അവർക്ക് ഭയം ഉണ്ടായിരുന്നു. ഒടുവിൽ പാണ്ഡിത്യവും പരിഷ്കരണാഭിമുഖ്യവും ധൈര്യവും ഒത്തുചേർന്ന ഒരു മഹാപുരുഷനെ രാമകൃഷ്ണപിള്ളയ്ക്ക് സഹായിയായി ലഭിച്ചു. കേരള നവോത്ഥാനത്തിന്റെ ചരിത്രത്തിലെ അഗ്രഗണ്യരുടെ നിരയിൽപ്പെട്ട വക്കം അബ്ദുൽഖാദർ മൗലവിയായിരുന്നു (1873-1932) അത്. ശ്രീനാരായണഗുരുവിന്റെ സുഹൃത്തും സ്ത്രീവിദ്യാഭ്യാസത്തിന്റെ പ്രോത്സാഹകനും മദ്രസാവിദ്യാഭ്യാസത്തെ ആധുനിക വിദ്യാഭ്യാസവുമായി കോർത്തിണക്കിയ പരിഷ്കർത്താവും ബഹുഭാഷാ പണ്ഡിതനുമായിരുന്ന വക്കം മൗലവി നടത്തിവന്ന പത്രമാണ് 'സ്വദേശാഭിമാനി.' താനൊരിക്കലും പത്രാധിപരുടെ സ്വാതന്ത്ര്യത്തിലോ പത്രത്തിലോ പത്രത്തിന്റെ നടത്തിപ്പിലോ ഇടപെടുകയില്ല എന്ന് രാമകൃഷ്ണപിള്ളയ്ക്ക് ഉറപ്പു നൽകുകയും രാജകോപത്തെപ്പോലും വകവയ്ക്കാതെ ആ വാഗ്ദാനം പാലിക്കുകയും ചെയ്ത ഒരു ധീരാത്മാവായിരുന്നു മൗലവി. ഒടുവിൽ ശങ്കരൻതമ്പി തുടങ്ങിയ അഴിമതിക്കാരായ രാജസേവകന്മാരുടെയും ദിവാൻ രാജഗോപാലാചാരിയെപോലുള്ള ഉദ്യോഗസ്ഥ ദുഷ്പ്രഭുക്കളുടെയും ഉപജാപത്തെ തുടർന്ന് 1910 സെപ്തംബർ 26 ന് 'സ്വദേശാഭിമാനി' പത്രവും പ്രസ്സും കണ്ടുകെട്ടുകയും പത്രാധിപരെ നാടുകടത്തുകയും ചെയ്തപ്പോഴും മൗലവി ചഞ്ചലചിത്തനായില്ല.

രാമകൃഷ്ണപിള്ള 'കേരളദർപ്പണ'ത്തിന്റെ പത്രാധിപരായി ചുമതലയേറ്റശേഷം എഴുതിയ ആദ്യത്തെ മുഖപ്രസംഗം തന്നെ 'പത്രങ്ങളുടെ ചുമതല' എന്നതാകുന്നു. പിന്നീട് പത്രാധിപത്യം വഹിച്ച പത്രങ്ങളിലെല്ലാം പലതവണ ഈ വിഷയങ്ങളിലേക്ക് അദ്ദേഹം തിരിച്ചെത്തിയിട്ടുണ്ട് - 'പൊതുജനദാസന്മാരും വർത്തമാനപത്രങ്ങളും,' 'ഒരു പത്രാധിപയോഗത്തിന്റെ ആവശ്യകത,' 'മലയാള പത്രങ്ങളുടെ ലേഖകന്മാർ' തുടങ്ങിയവ 'കേരളപഞ്ചിക'യിലെ മുഖപ്രസംഗങ്ങളാണ്. പിന്നീടും ഈ വിഷയത്തിലേക്ക് അദ്ദേഹം തിരിച്ചുവന്നുകൊണ്ടിരുന്നു.

നാടുകടത്തപ്പെടുന്നതിന് എട്ടുമാസം മുമ്പ് 1910 ജനുവരി 5-ാം തീയതിയിലെ 'സ്വദേശാഭിമാനി'യിൽ എഴുതിയ 'എന്റെ നാടുകടത്തൽ' എന്ന ലേഖനത്തിൽ പറയുന്നത് പത്രപ്രവർത്തനത്തെക്കുറിച്ചുള്ള എക്കാലത്തെയും നീതിവാക്യങ്ങളാണ്.

"ധർമം, സത്യം മുതലായ സൽപ്രമാണങ്ങളെ ജീവിതമാതൃകകളായി ഗ്രഹിച്ച് അധർമം, അസത്യം മുതലായവയെ വർജിക്കുന്നവർക്ക്, ഏതു കാരാഗൃഹവും കാരാഗൃഹമാകയില്ല, പാപം ചെയ്ത മനസ്സിനേ ചുറ്റുമുള്ള ചുവരുകളുടെ മധ്യേ കാരാഗൃഹത്തെ ശങ്കിക്കുവാൻ സംഗതിയുള്ളൂ. അത്രയുമല്ല, ഈ ഭൂലോകത്തെ ഏതു ഗവണ്മെന്റിനും ഒരുവന്റെ ശരീരത്തെയല്ലാതെ, മനസ്സിനെ തടവിലിടുവാൻ അധികാരമില്ല, ശക്തിയുമില്ല. ഈശ്വരനെ കല്ലും മരവുമല്ലാതെ ധർമം, സത്യം മുതലായവയുടെ സങ്കേതമായ പരബ്രഹ്മമായി ധ്യാനിക്കുന്നവർക്ക് ശരീരം നിസ്സാരവും, ആത്മാവിനെ അധർമങ്ങളുടെ കേളീരംഗമായ ഭൂമിയിൽ നിന്ന് നാടുകടത്തുന്നത് എത്രയോ ആനന്ദപ്രദവും ആകുന്നു. അതിനാൽ തിരുവിതാംകൂർ സംസ്ഥാനത്തിന്റെ കീർത്തിയെ ഹനിച്ചിരിക്കുന്ന രാജസേവകന്മാരുടെ അഴിമതികളുടെ നേർക്കുള്ള പ്രതിരോധത്തിൽ, അവരുടെ ആശ്രിതന്മാരായ ഉദ്യോഗസ്ഥന്മാരിൽ നിന്നോ മറ്റോ നേരിടാവുന്ന വിപത്തുകൾ എനിക്കു ഭീഷണങ്ങളല്ലാ."

'സ്വദേശാഭിമാനി'യുടെ നാടുകടത്തലിന്റെ 100-ാം വാർഷികം ആചരിക്കുമ്പോൾപ്പോലും ഈ പരാമർശങ്ങൾ ഇന്നത്തെ ഭൂരിപക്ഷം പത്രങ്ങൾക്കും പുതുതായി രംഗപ്രവേശം ചെയ്തിരിക്കുന്ന ഇലക്ട്രോണിക് മാധ്യമങ്ങൾക്കും ബാധകമല്ലേ എന്നു നാം സ്വയം ചോദിച്ചുപോവുന്നു.

- "മലയാള പത്രപ്രവർത്തനചരിത്രത്തിലെ ഒരു ധീരമായ അധ്യായമാണ് സ്വദേശാഭിമാനിയുടേത്. വാർത്തകൾ വായനക്കാരിൽ എത്തിക്കുക എന്ന പ്രാഥമിക കർത്തവ്യത്തിനപ്പുറം മലയാളത്തിലാദ്യമായി പത്രങ്ങളെ രാഷ്ട്രീയ-സാമൂഹ്യവിമർശനത്തിന്റെ വേദിയാക്കിയത് സ്വദേശാഭിമാനിയാണ്."

**ഡോ.കെ.എൻ. പണിക്കർ**

"ദുഃഖങ്ങളും ഇച്ഛാഭംഗങ്ങളും കൊണ്ടാണ് നമ്മുടെ ജീവിതത്തെ അളക്കേണ്ടതെന്നറിയുക. നമ്മുടെ ജീവിതയാത്രയിലെ നാഴികക്കല്ലുകൾ മേൽപ്പറഞ്ഞവയാണ്. എനിക്കു ഭവതിയേക്കാൾ മൂന്നു നാലു കൊല്ലത്തെ ലോകപരിചയംകൂടി ഉണ്ട്. ഈ ചുരുങ്ങിയ ആയുഷ്കാലത്തിനുള്ളിൽ എന്തൊക്കെ ക്ലേശങ്ങളും ഇച്ഛാഭംഗങ്ങളും പരാജയങ്ങളുമാണ് നേരിട്ടിട്ടുള്ളതെന്നു ഞാൻ അറിയിച്ചിട്ടുണ്ടല്ലോ. പക്ഷേ, അതുകൊണ്ടൊന്നും മനസ്സു വെറുത്തു മൗനിയായിരിക്കാൻ ഞാൻ വിചാരിക്കുന്നില്ല. ഒരൊറ്റ ഇച്ഛാഭംഗത്തെ അടിസ്ഥാനപ്പെടുത്തി വിലയേറിയ ആയുസ്സിനെ അധന്യമായി കഴിച്ചുകൂട്ടാൻ ഉദ്ദേശിക്കുന്നെങ്കിൽ അതൊരു വലിയ പാപകർമമാണെന്നു പറയാൻ ഞാൻ മടിക്കുന്നില്ല... വനപുഷ്പത്തെപ്പോലെ ജീവിതത്തെ നിരുപയോഗമാക്കിത്തീർക്കാതിരിക്കുക. ഈ മൗഢ്യത്തിൽ നിന്നു ഭവതിയെ ഉണർത്തുവാൻ എനിക്കു സാധിക്കുമെന്നു നിശ്ചയമുണ്ട്. ഭവതിക്ക് ഇപ്പോഴുള്ളതിൽ കൂടുതൽ പദവിയോ ധനമോ സുഖമോ നൽകാൻ ഞാൻ ഇപ്പോൾ

അശക്തൻതന്നെ. ക്ലേശപൂർണമായ ഒരു ജീവിതത്തിൽ പങ്കുകൊള്ളുവാനാണ് ഞാൻ ക്ഷണിക്കുന്നത്. എന്നാൽ, കാർമേഘപടലങ്ങൾക്കിടയിലൂടെ കാണുന്ന രജതരേഖകൾപോലെ, ക്ലേശശോകാദികൾക്കിടയിൽ നാം അനുഭവിക്കാനിടയുള്ള സുഖസംതൃപ്തികൾ എത്രയോ മെച്ചമേറിയവയായിരിക്കുമെന്ന് അനുഭവം കൊണ്ടു മനസ്സിലാകും."

**വ്യാഴവട്ടസ്മരണകൾ - രാമകൃഷ്ണപിള്ളയുടെ കത്ത് - ബി. കല്യാണി അമ്മ**

"അദ്ദേഹം ഉദ്യോഗസ്ഥൻമാരെ വിമർശിച്ചു. അവരുടെ അഴിമതികൾ തുറന്നുകാട്ടി. കൊട്ടാരംസേവകരെ അധിക്ഷേപിച്ചു. അവരുടെ ദുരാർജിതവിത്തത്തിന്റെ കഥകൾ വെളിച്ചത്തുകൊണ്ടുവന്നു. അവർക്കു ചെവികൊടുക്കുന്നതുവഴി രാജാവു തന്നെ അപഥത്തിൽ സഞ്ചരിക്കുകയാണെന്നു പറഞ്ഞു. ദിവാന്റെ നടപടിദൂഷ്യങ്ങളെ ചൂണ്ടിക്കാണിച്ചു. ഇത്തരം ദിവാന്മാർ രാജ്യത്തിനാപത്താണെന്നു പറഞ്ഞു. സമുദായത്തിന്റെ ഉപരിതലത്തിൽ വർത്തിക്കുന്നവരുടെ ആരാധനാപാത്രങ്ങളായ കപടസന്ന്യാസിമാരെ അവരുടെ ദിവ്യശക്തി പ്രദർശിപ്പിക്കുവാൻ വെല്ലുവിളിച്ചു. ചുരുക്കത്തിൽ, ജനങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി അധികാരികളോടു പൊരുതുവാൻ തൂലിക പടവാളാക്കി, രാമകൃഷ്ണപിള്ള. ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽ, രാജവാഴ്ച നടക്കുന്ന ഒരു നാട്ടുരാജ്യത്തിൽ അദ്ദേഹം കാണിച്ച ധീരത അനുകരണീയവും മാതൃകാപരവുമായിരുന്നു."

**കെ. രാമകൃഷ്ണപിള്ള: ചിന്തകനും പത്രപ്രവർത്തകനും - പവനൻ**

- പി. ഗോവിന്ദപ്പിള്ളയുടെ ലേഖനവും സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെക്കുറിച്ചുള്ള ഈ നിരീക്ഷണങ്ങളും താഴെ കൊടുത്തിരിക്കുന്ന സൂചനകളും പ്രയോജനപ്പെടുത്തി അദ്ദേഹത്തിന്റെ സംഭാവനകളെയും ജീവിതദർശനത്തെയും സംബന്ധിച്ച ഉപന്യാസം തയാറാക്കുക.
    - വ്യക്തിബന്ധങ്ങളെക്കാൾ സാമൂഹികപുരോഗതിക്കു നൽകിയ ഊന്നൽ
    - പുതിയ ലോകത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്
    - പത്രപ്രവർത്തനത്തെ സംബന്ധിച്ച നിലപാടുകൾ
- "അക്കാലത്ത് നെയ്യാറ്റിൻകര കോടതിയിലെ മുൻസിഫ്, വക്കീലന്മാരിൽ നിന്നും കക്ഷികളിൽനിന്നും കോഴി, മുട്ട, നേന്ത്രക്കായ, മുറുക്ക്, പ്രഥമൻ തുടങ്ങി പലതും പതിവായി കൈപ്പറ്റി അതിനനുസരിച്ച് ജാമ്യമനുവദിക്കുകയും വിധി പ്രസ്താവിക്കുകയും ചെയ്തുവന്നത് അന്നാട്ടിൽ ഒരു രഹസ്യമല്ലായിരുന്നു. 'മലയാള മനോരമ'യിലെ 'നെയ്യാറ്റിൻകര കത്താ'യി അത് അച്ചടിച്ചുവന്നപ്പോൾ വിവർണനായ മുൻസിഫ് വക്കീൽ കേശവപിള്ളയെ ചേംബറിൽ വിളിച്ച് അനന്തരവന്റെ തോന്ന്യാസത്തെ മുൻനിർത്തി ശകാരിച്ചു."

പതിനാറു വയസ്സിനു മുമ്പു തന്നെ തന്റെ ചുറ്റുപാടും നടക്കുന്ന അനീതികളെ തുറന്നു കാട്ടാൻ രാമകൃഷ്ണപിള്ള ശ്രമിച്ചിരുന്നു എന്ന് ഈ സംഭവം തെളിയിക്കുന്നുണ്ട്. സാമൂഹികപ്രശ്നങ്ങളെ പൊതുജനശ്രദ്ധയിൽ കൊണ്ടുവരുന്ന ഇത്തരം കത്തുകൾ ഇന്നും നമ്മുടെ വർത്തമാനപത്രങ്ങളിൽ വരാറുണ്ടല്ലോ. നിങ്ങൾക്ക് പ്രസക്തമെന്നു തോന്നുന്ന കത്തുകൾ കണ്ടെത്തി ക്ലാസിൽ അവതരിപ്പിക്കുക. നിങ്ങളുടെ ചുറ്റുപാടുകളിൽ കാണുന്ന അഹിതമെന്നു തോന്നുന്ന ഏതെങ്കിലും ഒരു പ്രശ്നത്തെ മുൻനിർത്തി പത്രാധിപർക്ക് കത്തു തയാറാക്കുക.

- “അഭിപ്രായസ്വാതന്ത്ര്യം ഒരു പത്രത്തിന്റെ ജന്മാവകാശമാണെന്ന തത്ത്വം രാമകൃഷ്ണ പിള്ള മുറുകെപ്പിടിച്ചിരുന്നു. സ്വകാര്യജീവിതത്തിൽപ്പോലും സ്വാതന്ത്ര്യേച്ഛയെ നിരോധിക്കുന്ന ശക്തികളെ എതിർക്കുവാൻ അദ്ദേഹം മടികാണിച്ചില്ല.”

**സ്വദേശാഭിമാനി - ജീവചരിത്രം - കെ. ഭാസ്കരപിള്ള**

പത്രപ്രവർത്തനത്തെക്കുറിച്ചുള്ള രാമകൃഷ്ണപിള്ളയുടെ കാഴ്ചപ്പാടിന് ഇന്നും പ്രസക്തിയുണ്ടോ? ലിൻഡ ചേംബർലൈനെപ്പോലുള്ളവർക്കുണ്ടായ അനുഭവങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് നിങ്ങളുടെ നിഗമനങ്ങൾ ഉചിതമായ ഉദാഹരണങ്ങളുടെ പിൻബലത്തോടെ അവതരിപ്പിക്കുക.

- “മലയാളപത്രങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ യാതൊരു വിധത്തിലും ശ്ലാഘനീയമായിരിക്കുന്നതില്ലെന്ന് പല സജ്ജനങ്ങളും പ്രസംഗിക്കുന്നുണ്ട്. ഇതിന്റെ ഹേതു എത്രതന്നെ സാധുവായിരിക്കട്ടെ, ഇതിൽ ഏറക്കുറേ വാസ്തവം അന്തർഭവിച്ചിട്ടുണ്ടെന്ന് നിർമത്സരായ ഏവർക്കും സമ്മതിക്കാതിരിക്കാൻ പാടില്ല. വർത്തമാനപത്രങ്ങളുടെ കൃത്യമിന്നതെന്നും അകൃത്യമിന്നതെന്നും ഗ്രഹിക്കുന്നതിന് നമ്മുടെ ഇടയിൽ പല ആളുകളും ഇതേവരെ പ്രാപ്തരായിട്ടില്ലെന്ന് കാണുന്നതുതന്നെയാണ് ഇതിലേക്ക് മുഖ്യമായിട്ടുള്ള സാക്ഷ്യം. അങ്ങനെ അവർ അപ്രാപ്തരാവാനുള്ള ഹേതു കേവലം അവരിൽ നിന്നു മാത്രം ഉണ്ടായതല്ലെന്ന് ധൈര്യസമേതം പ്രസ്താവിക്കാവുന്നതാണ്. ഭാഷാപത്രങ്ങളുടെ പ്രചാരം എത്രകാലം അധർമസരണിയിലൂടെ ആയിരുന്നുവോ, അത്രയും കാലം ഈവിധമൊരു വാസ്തവഗ്രഹണമില്ലായ്മ അവരുടെ ഉള്ളിൽ നിന്ന് നീങ്ങിപ്പോകുമെന്ന് കരുതുവാൻ മാർഗമില്ല.”

21-ാം വയസ്സിൽ കേരളദർപ്പണത്തിന്റെ പത്രാധിപത്യം ഏറ്റെടുത്തുകൊണ്ട് രാമകൃഷ്ണ പിള്ള ആദ്യത്തെ മുഖപ്രസംഗം തുടങ്ങിയത് ഇപ്രകാരമായിരുന്നു. നൂറിലേറെ വർഷം മുമ്പ് എഴുതപ്പെട്ട ഈ മുഖപ്രസംഗത്തിന്റെ ഭാഷ ശക്തവും തെളിവുറ്റതുമായി അന്ന് കണക്കാക്കപ്പെട്ടിരുന്നു. ഇന്നത്തെ പത്രങ്ങളിൽ വരുന്ന മുഖപ്രസംഗങ്ങളിലെ ഭാഷയുമായി താരതമ്യം ചെയ്ത് പഴയ ഭാഷാരീതിയുടെ സവിശേഷതകൾ കണ്ടെത്തുക. രാമകൃഷ്ണപിള്ളയുടെ മുഖപ്രസംഗത്തിലെ ആശയങ്ങൾ ഇന്നത്തെ ഭാഷയിലേക്കു മാറ്റിയെഴുതുക.

ജനങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി അധികാരികളോടു പൊരുതാൻ തൂലിക പടവാളാക്കി കെ. രാമകൃഷ്ണപിള്ള. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ രാജവാഴ്ച നടക്കുന്ന ഒരു നാട്ടുരാജ്യത്തിൽ അദ്ദേഹം കാണിച്ച ധീരത അനുകരണീയവും മാതൃകാപരവുമായിരുന്നു.

സ്വദേശാഭിമാനിയുടെ കാലത്തുനിന്ന് ആധുനിക കാലത്തെത്തുമ്പോൾ മാധ്യമ പ്രവർത്തനത്തിന് എന്തെല്ലാം മാറ്റങ്ങളാണു വന്നിട്ടുള്ളത്?

# പുതിയ ആകാശം പഴയ ഭൂമി

**സെബാസ്റ്റ്യൻ പോൾ**

**ച**രിത്രത്തെ സൃഷ്ടിക്കുന്നതും നയിക്കുന്നതും നിയന്ത്രിക്കുന്നതും ആശയങ്ങളാണ്. ആശയങ്ങളെ സംവഹിക്കുന്നത് അക്ഷരങ്ങളാണ്. അക്ഷരത്തിന്റെ അക്ഷയമായ ശക്തി അറിഞ്ഞവരാണ് വാളിനേക്കാൾ ശക്തി തൂലികയ്ക്കുണ്ടെന്നു കണ്ടെത്തിയത്. ബയണറ്റുകളെക്കാൾ പത്രങ്ങളെ ഭയപ്പെടുകയും അക്കാര്യം തുറന്നുപറയുകയും ചെയ്ത ആളാണ് നെപ്പോളിയൻ. എൽബയിൽ തടവുകാരനായിരുന്ന നെപ്പോളിയനെ ചെകുത്താൻ എന്നു വിശേഷിപ്പിച്ച പത്രങ്ങൾ അധികാരം വീണ്ടെടുക്കാൻ പ്രതിരോധമില്ലാതെ അദ്ദേഹം പാരീസിലേക്കു പ്രവേശിച്ചപ്പോൾ ബാനർശീർഷകത്തിൽ ചക്രവർത്തി എന്ന വിശേഷണത്തോടെ സ്വാഗതം ചെയ്തു. ഇപ്രകാരം രായ്ക്കുരാമാനം തകിടംമറിയുന്നവരെ ആരായാലും ഭയപ്പെടും. നെപ്പോളിയന് മൂന്നു പത്രങ്ങളെ മാത്രം ഭയന്നാൽ മതിയായിരുന്നു. കാരണം, അന്ന് റേഡിയോയും ടെലിവിഷനുംയിരുന്നില്ല.

വിവരസാങ്കേതികവിദ്യ എന്നത് മനുഷ്യാവകാശങ്ങൾ എന്ന പദം പോലെ ആധുനികമാണ്. ഐക്യരാഷ്ട്രസഭ മനുഷ്യാവകാശങ്ങൾ എന്ന പദം കണ്ടെത്തുന്നതിനുംമുമ്പേ മനുഷ്യന്റെ അവകാശങ്ങൾ സ്ഥാപിതമായിക്കഴിഞ്ഞിരുന്നു. മനുഷ്യാവകാശങ്ങളുടെ ചരിത്രം വ്യത്യസ്തമായ പേരിൽ മാഗ്നകാർട്ടയിൽനിന്നു തുടങ്ങുന്നതുപോലെ വിവരസാങ്കേതികവിദ്യ ഗുട്ടൻബർഗിന്റെ വിനീതമായ മുദ്രണയന്ത്രത്തിൽ നിന്നാരംഭിക്കുന്നു. മനുഷ്യന്റെ പ്രഖ്യാതമായ അവകാശങ്ങൾ അർഥവത്തായി പ്രഖ്യാപിതമാകുന്നതും മാനവികമായ സംസ്കാരം സ്ഥാപിതമാകുന്നതും മുദ്രണത്തിലൂടെ ആശയസംവേദനം വ്യാപകമായതോടെയാണ്.

സാക്ഷരതയുടെ നിശ്വാസമാണ് സചേതനം മാത്രമായിരുന്ന മൺകോലത്തെ മനുഷ്യനാക്കി മാറ്റിയത്. അവൻ ഏകനും നിശ്ശബ്ദനുമായിരിക്കുന്നത് നന്നല്ലെന്നു കണ്ട സാങ്കേതികവിദ്യ ആശയസംവേദനത്തിനുള്ള സഖിയായി മാധ്യമങ്ങളെ സൃഷ്ടിച്ചു. ദൈവവചനത്തോടൊപ്പം ചെകുത്താന്റെ പ്രലോഭനങ്ങളും ആ മാധ്യമത്തിലൂടെ സംവദിക്കപ്പെട്ടുവെന്നത് മാധ്യമത്തിന്റെ കുറ്റമല്ല. ആദത്തെപ്പോലെ നമുക്കും വേണമെങ്കിൽ മാധ്യമങ്ങളെ പഴിക്കാം. പക്ഷേ, നഷ്ടപ്പെട്ട



പറുദീസകൾ തേടുന്ന അവസാനിക്കാത്ത പ്രയാണത്തിൽ, ആദത്തോടൊപ്പം ഹവ്വയെന്നപോലെ മാധ്യമങ്ങൾ എന്നും നമ്മോടൊപ്പമുണ്ടാകും. അനിവാര്യമായ സഖ്യവും സാന്നിധ്യവുമാണത്.

സംസ്കാരവും അതിനാധാരമായ മൂല്യങ്ങളും രൂപപ്പെടുത്തുന്നതിൽ ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഹിക്കുന്ന പങ്ക് ഗൗരവമായി ചർച്ചചെയ്യപ്പെടുന്നുണ്ടോ എന്നു സംശയമാണ്. ചാനലുകൾ മൂല്യച്യുതിക്കു കാരണമാകുന്നു എന്ന പൊതുവായ ആക്ഷേപത്തിനപ്പുറം മാധ്യമങ്ങളെ എപ്രകാരം സംസ്കാരത്തിന്റെ സ്രഷ്ടാക്കളും സംരക്ഷകരുമാക്കാൻ കഴിയുമെന്ന ആലോചന നടക്കുന്നില്ല. നിൽക്കാനൊരിടം കിട്ടിയാൽ ഭൂഗോളത്തെ ചലിപ്പിക്കാമെന്ന അപ്രായോഗികമായ ഉത്തോലകതത്ത്വം പണ്ട് പ്രഘോഷിതമായി. ക്ഷീരപഥത്തിൽ തെന്നിക്കളിക്കുന്ന മനുഷ്യൻ ഒരുപക്ഷേ, അങ്ങനെയൊരിടം കണ്ടെത്തിയേക്കാം. എന്നാൽ ഇലക്ട്രോണിക് വിപ്ലവത്തിന്റെ വ്യാപനവും ആധിപത്യവും സമഗ്രമായതിനാൽ മാധ്യമത്തിൽനിന്നു പുറത്തുകടന്ന് മാധ്യമത്തെ വസ്തുനിഷ്ഠമായി പരിശോധിക്കാൻ നമുക്കാവില്ല.

സാങ്കേതികവിദ്യയുടെ വിസ്മയകരമായ സാധ്യതകൾ മനസ്സിലാക്കിയ മാധ്യമഗുരു മാർഷൽ മക്ലൂഹൻ മാധ്യമം തന്നെയാണ് സന്ദേശം എന്നു പ്രഖ്യാപിച്ചു. മാധ്യമങ്ങൾ നൽകുന്ന സന്ദേശത്തെക്കാൾ മാധ്യമംതന്നെയാണ് അപകടം എന്നു പ്രസ്താവിച്ചയാളാണ് അമേരിക്കയിലെ മാധ്യമതാത്ത്വികനായ ജെറി മാൻഡർ. ടെലിവിഷനിലെ പരിപാടികളല്ല, ടെലിവിഷൻ എന്ന മാധ്യമംതന്നെയാണ് നിരാകരിക്കപ്പെടേണ്ടത്-ടെലിവിഷനെ ആസുരയന്ത്രമായി കണ്ട മാൻഡർ തന്റെ വാദം അവതരിപ്പിക്കാൻ പോലും ആ മാധ്യമത്തെ സമീപിക്കാൻ തയാറായില്ല. ഗൗരവമായതൊന്നിനും ടെലിവിഷൻ പര്യാപ്തമല്ലെന്നു വിശ്വസിച്ച മാൻഡർ മാധ്യമവിമർശനത്തിനു മാധ്യമബാഹ്യമായ വേദി കണ്ടെത്തി.

ടെലിവിഷന്റെ പ്രചാരം അനുദിനം വർധിക്കുകയാണ്. അതേ തോതിൽത്തന്നെ ആ മാധ്യമത്തിന്റെ സ്വാധീനവും ദുഃസ്വാധീനവും വർധിക്കുന്നു. വിജ്ഞാനത്തിന്റെയും വിനോദത്തിന്റെയും അതിരില്ലാത്ത സാധ്യതകൾ ആധുനികമനുഷ്യനു തുറന്നുതന്ന സാങ്കേതിക വിസ്മയം യഥാർഥത്തിൽ ഭയവും ആശങ്കയും ഉളവാക്കേണ്ടതുണ്ടോ? നേരംകൊല്ലിയായ വിഡ്ഢിപ്പെട്ടിയെന്ന് ആദ്യകാലത്തു വിളിക്കപ്പെട്ടിരുന്ന ടെലിവിഷൻ ഇന്നു സൈദ്ധാന്തികമായ എതിർപ്പിനെയാണ് നേരിടുന്നത്. ആഗോളവൽക്കരണത്തിന്റെ ട്രോജൻകുതിരയായും സാമ്പത്തിക സാമ്രാജ്യത്വത്തിന്റെ അധിനിവേശത്തിനു പ്രാരംഭമായി മൂന്നാംലോക ജനതകളിൽ ഉപഭോഗപരമായ അഭിനിവേശം വളർത്തുന്ന പ്രലോഭനയന്ത്രമായും ടെലിവിഷൻ വിശേഷിപ്പിക്കപ്പെടുന്നു.

വിവരപ്രവാഹത്തിൽ അതിർവരമ്പുകൾ അപ്രത്യക്ഷമാവുകയും മക്ലൂഹന്റെ പ്രവചനം സാക്ഷാത്കരിച്ചുകൊണ്ട് ലോകം ആഗോളഗ്രാമമായി ചുരുങ്ങുകയും ചെയ്തിരിക്കുന്നു. കൊളംബസ് നവഭൂമി കണ്ടെത്തിയ വാർത്ത ആ സമുദ്രപര്യവേക്ഷണത്തിന്റെ സ്പോൺസറായ യൂറോപ്യൻ രാജാവിനു ലഭിക്കാൻ ആറുമാസം വേണ്ടിവന്നു. എന്നാൽ ആംസ്ട്രോങ് ചന്ദ്രനിലിറങ്ങിയത് തത്സമയം നാം അറിഞ്ഞു. ചരിത്രത്തിൽ ആദ്യമായി ഒരു സംഭവം-1963ൽ കെന്നഡിയുടെ സംസ്കാരച്ചടങ്ങ്-ലോകം മുഴുവൻ ഒരേസമയം ടെലിവിഷനിൽ കണ്ടു. ന്യൂയോർക്കിൽ വേൾഡ് ട്രേഡ് സെന്റർ നിലംപതിച്ചത് നമ്മുടെ കൺമുന്നിലായിരുന്നു.

രണ്ടാം ലോകയുദ്ധം അവസാനിക്കുമ്പോൾ ലോകത്താകെ എണ്ണായിരം വീടുകളിലേ ടെലിവിഷൻ ഉണ്ടായിരുന്നുള്ളുവെങ്കിൽ ഇന്നു ഭൂമുഖത്തെ മൂന്നിൽ രണ്ടു വീടുകളിൽ ടെലിവിഷനെത്തി. ദൂരദർശന്റെ ഭൂതലസംപ്രേഷണത്തിനു പുറമേ വിപുലമായ കേബിൾ ശൃംഖലവഴി ഇന്ത്യയിലെ ബഹുഭൂരിപക്ഷം വീടുകളിൽ ടെലിവിഷൻ പരിപാടികൾ

പ്രേക്ഷകരുടെ സ്വന്തം ഭാഷയിൽ എത്തിച്ചേരുന്നു. ടെലിവിഷൻ സാർവത്രികവും ജനകീയവുമായിരിക്കുന്നു.

ആകാശത്തിന്റെ അതിരുകളെ ഭേദിക്കുന്ന ശബ്ദത്തെയും ദൃശ്യത്തെയും പ്രതിരോധിക്കാൻ ആർക്കുമാവില്ല. ടെലിവിഷനിലൂടെ വേദം കേൾക്കുന്നവന്റെ ചെവിയിൽ ഈയമൊഴിക്കാനോ അത് ഉരുവിടുന്നവന്റെ നാവരിയാനോ അത് ഹൃദിസ്ഥമാക്കുന്നവന്റെ ശിരസ്സറുക്കാനോ ആർക്കും കഴിയില്ല. സെൻസറിങ്ങിന്റെയും ഇംപ്രിമാത്തൂറിന്റെയും നിയന്ത്രണമില്ലാതെ പെരുകുന്ന ചാനലുകളിലൂടെ വിരൽത്തുമ്പുകൊണ്ടു പരതി നടക്കുമ്പോൾ അറിവിന്റെയും ആഹ്ലാദത്തിന്റെയും അറിയാത്ത ലോകങ്ങൾ നമുക്കായി തുറക്കുന്നു.

ഈ ഡിജിറ്റൽ സൗഭാഗ്യത്തെ നാം സ്വാഗതം ചെയ്യുന്നുവോ? അതോ, അപകടകരമായ നുഴഞ്ഞുകയറ്റമായാണോ ടെലിവിഷനെ നാം കാണുന്നത്, കാണേണ്ടത്?

കൗമാരമനസ്സുകളെ ചഞ്ചലപ്പെടുത്തുകയും അവരുടെ പഠനത്തെ തടസ്സപ്പെടുത്തുകയും കുടുംബാന്തരീക്ഷത്തെ മരവിപ്പിക്കുകയും മലീമസമാക്കുകയും ചെയ്യുന്ന അപകടമായി ടെലിവിഷനെ കാണുന്നവരുണ്ട്. ഏദൻതോട്ടത്തിൽ നുഴഞ്ഞെത്തിയ സാത്താനെപ്പോലെ കുടുംബസൗഭാഗ്യങ്ങളുടെ അന്തകനായി ടെലിവിഷൻ ചിത്രീകരിക്കപ്പെടുന്നു.

കുടുംബാന്തരീക്ഷത്തെ വികലമാക്കുകയും കുടുംബബന്ധങ്ങളെ തകർക്കുകയും ചെയ്യുന്ന ആസുരയന്ത്രമായി ടെലിവിഷൻ കണക്കാക്കപ്പെടുന്നത് എന്തുകൊണ്ട്? ടെലിവിഷന്റെ ബന്ധനത്തിൽ ബന്ധങ്ങൾ വിസ്മരിക്കപ്പെടുന്നു എന്നതാവാം ഈ ആക്ഷേപത്തിനു കാരണം. കുടുംബാംഗങ്ങൾ ഒരുമിക്കുകയും സംസാരിക്കുകയും പ്രാർഥിക്കുകയും ആഹാരം കഴിക്കുകയും സല്ലപിക്കുകയും ചെയ്യേണ്ട സമയത്ത് അവർ അപരിചിതരെപ്പോലെ ടെലിവിഷനു മുന്നിൽ ബന്ദികളായി കഴിയുന്നു. അപ്രതീക്ഷിതമായി കടന്നുവരുന്ന സന്ദർശകർ അവഗണിക്കപ്പെടുന്ന അതിഥികളാവുന്നു. ടെലിവിഷനിൽ നിന്ന് ഉതിരുന്ന വെളിച്ചത്തിലും ഉയരുന്ന ശബ്ദത്തിലും അസ്വാസ്ഥ്യമുളവാക്കുന്ന മൗനം ആവരണം ചെയ്യുന്നു.

നാം അറിയാതെ ഒരുതരം അപരിചിതത്വത്തിലും അകൽച്ചയിലും നമ്മെ അകപ്പെടുത്തുന്നു എന്നതുതന്നെയാകാം ടെലിവിഷന്റെ ഏറ്റവും വലിയ വിന. മറ്റു കാരണങ്ങളാലും ഇതു സംഭവിക്കാമെന്ന വസ്തുതയും മറച്ചുവയ്ക്കേണ്ടതില്ല. തള്ളേണ്ടതും കൊള്ളേണ്ടതും എന്തെന്നറിയാതെ അമിതമായ ആസക്തി ഏതിലുണ്ടായാലും അത് അപകടം തന്നെ. ഇതിന് ടെലിവിഷനെ മാത്രം കുറ്റപ്പെടുത്തുന്നതിൽ അർഥമില്ല. നൂറുകൂട്ടം കാര്യങ്ങൾ ചെയ്യാനുള്ളപ്പോൾ രാവിലെ പത്രപാരായണത്തിൽ മുഴുകിയിരിക്കുന്ന ഭർത്താവിനെ ശകാരിക്കുന്ന സ്ത്രീ പത്രത്തെ ശത്രുവായി കാണേണ്ടതുണ്ടോ? 'ഒരു പത്രവും നോക്കുകയില്ല എന്നത് എന്റെ വ്രതമാണ്' എന്ന് ഷെറിഡൻ പറഞ്ഞത് ഇന്നു ടെലിവിഷനോടെന്നപോലെ അന്ന് പത്രത്തോടും സമൂഹത്തിന് ഒരേസമയം ആസക്തിയും വിരക്തിയും ഉണ്ടായിരുന്നു എന്നതിന്റെ സൂചനയാകുമോ?



ടെലിവിഷന്റെ പ്രയോജനത്തെക്കുറിച്ചു കൂടുതൽ വിസ്തരിക്കേണ്ട കാര്യമില്ല. നാം അറിയാതെ നാം വിശ്വപൗരന്മാരും വിജ്ഞാനികളുമായിത്തീർന്നിരിക്കുന്നു. ആഭിമുഖ്യവും മനോഭാവവും സമീപനവും ചിട്ടപ്പെടുത്തുന്ന മാധ്യമമാണ് ടെലിവിഷൻ. അതിന്റെ സാധ്യതകൾ അറിഞ്ഞ് പ്രയോജനപ്പെടുത്തുകയെന്നതാണ് ബുദ്ധി. സിനിമ, ടെലിവിഷൻ, ഇന്റർനെറ്റ് എന്നിങ്ങനെ പല രൂപങ്ങളിൽ പല കാലത്ത് രൂപപ്പെട്ട ദൃശ്യമാധ്യമരംഗത്തെ സാങ്കേതികവികാസങ്ങളെ ഫലപ്രദമായി ഉപയോഗിക്കാൻ നമുക്കു കഴിയണം. ഇരുപതാം നൂറ്റാണ്ടിന്റെ മഹത്തായ കല എന്ന് സിനിമയെ വിശേഷിപ്പിച്ച ലെനിൻ ഒക്ടോബർ വിപ്ലവത്തിന്റെ അന്തസ്സത്തയും പ്രാധാന്യവും റഷ്യയിലും പുറത്തുമുള്ള ജനതയെ ബോധ്യപ്പെടുത്തുന്നതിന് ഉതകുന്ന ഒരു സിനിമ നിർമിക്കാനാണ് ഐസൻസ്റ്റീനിനോട് ആവശ്യപ്പെട്ടത്. അതിന്റെ ഫലമാണ് 'ബാറ്റിൽഷിപ് പൊട്ടെംകിൻ' എന്ന വിശ്രുത ചലച്ചിത്രം. മാറിനിന്ന് കുറ്റംപറയാതെ അകത്തു കയറി പ്രയോജനപ്പെടുത്തുക എന്ന പ്രായോഗിക സമീപനമായിരിക്കണം ടെലിവിഷനെ സംബന്ധിച്ചും നമുക്കുണ്ടാകേണ്ടത്. ഹെർമൻ ഗുണ്ടർട്ട് എന്ന ജർമൻ മിഷണറി ഇന്നാണ് ഇല്ലിക്കുന്നിലെത്തുന്നതെങ്കിൽ രാജ്യസമാചാരം എന്ന പത്രത്തിനു പകരം ഒരു ടെലിവിഷൻചാനൽ ആരംഭിക്കുമായിരുന്നു.

വർത്തമാനകാലത്തെ എല്ലാ പാപങ്ങളുടെയും ഉത്തരവാദിത്വം ടെലിവിഷനിൽ ആരോപിക്കുന്നത് അർഥരഹിതമായ വ്യായാമമാകുന്നു. ഹവ്വയുടെ അനുസരണയില്ലായ്മയും കായേന്റെ ഭ്രാതൃഹത്യയും അബ്സലോമിന്റെ പിതൃനിന്ദയും മുതൽ ചരിത്രത്തിൽ തെളിഞ്ഞുനിൽക്കുന്ന അസംഖ്യം അരുതായ്മകൾക്കു കാരണം ടെലിവിഷന്റെ സ്വാധീനമായിരുന്നില്ല. ഓരോ യുഗത്തിലും നവമായി സംസ്ഥാപിക്കപ്പെടത്തക്കവിധം ധർമം അപ്രത്യക്ഷമാകുന്നുവെങ്കിൽ അതും ടെലിവിഷന്റെ കുറ്റമല്ല. ദുർവിശേഷം മാത്രമല്ല, സുവിശേഷവും ലോകമെങ്ങും എത്തിക്കാൻ ടെലിവിഷനു കഴിയും.

**സ്ത്രീപക്ഷമാധ്യമപഠനങ്ങൾ**

- മാധ്യമങ്ങൾക്ക് അനുകൂലമായും പ്രതികൂലമായും ലേഖകൻ നിരത്തുന്ന വാദഗതികൾ എന്തൊക്കെയാണ്? എന്തൊക്കെ കൂട്ടിച്ചേർക്കാനുണ്ട്? കണ്ടെത്തി അവതരിപ്പിക്കുക.
- "ദുർവിശേഷം മാത്രമല്ല, സുവിശേഷവും ലോകമെങ്ങും എത്തിക്കാൻ ടെലിവിഷനു കഴിയും." ടെലിവിഷൻ നമ്മിലേക്ക് എന്തെല്ലാമാണ് എത്തിച്ചുകൊണ്ടിരിക്കുന്നത്? ഏതൊക്കെ പരിപാടികളാണ് സുവിശേഷത്തിന്റെയും ദുർവിശേഷത്തിന്റെയും പട്ടികയിൽ ഉൾപ്പെടുത്തുക? ചർച്ചചെയ്യുക.
- "ആഭിമുഖ്യവും മനോഭാവവും സമീപനവും ചിട്ടപ്പെടുത്തുന്ന മാധ്യമമാണ് ടെലിവിഷൻ. അതിന്റെ സാധ്യതകൾ അറിഞ്ഞു പ്രയോജനപ്പെടുത്തുന്നതാണ് ബുദ്ധി."

  ടെലിവിഷനെ എങ്ങനെയൊക്കെയാണ് നമുക്കു പ്രയോജനപ്പെടുത്താനാവുക?
- തൂലിക പടവാളാക്കുക, തകിടംമറിയുക, രായ്ക്കുരാമാനം, തിരുവായ്ക്കെതിർവായ തുടങ്ങിയ പ്രയോഗവിശേഷങ്ങൾ ആശയാവിഷ്കാരത്തിന് എത്രമാത്രം കരുത്തു പകരുന്നു? ലേഖനങ്ങൾ പരിശോധിച്ച് കണ്ടെത്തലുകൾ അവതരിപ്പിക്കുക.

- മാധ്യമം പ്രമേയമായിവരുന്ന ചെറുകഥകൾ മലയാളത്തിൽ ഏറെയുണ്ടല്ലോ.

  മോക്ഷം - അംബികാസുതൻ മാങ്ങാട്

  വാർത്താശരീരം - സന്തോഷ് ഏച്ചിക്കാനം

  പരസ്യശരീരം - ഇ.പി. ശ്രീകുമാർ

  സ്വീകരണമുറി - സി.എസ്. ചന്ദ്രിക

  തിരുത്ത് - എൻ.എസ്. മാധവൻ

  തുടങ്ങിയ രചനകൾ കണ്ടെത്തി വായിക്കൂ.

- വാർത്തകൾക്ക് ആധാരമായ എത്രയോ സംഭവങ്ങൾ സ്കൂളിൽ നിന്നുതന്നെ നമുക്കു കണ്ടെത്താം. കണ്ടെത്തിയ വാർത്തകൾ ക്രമീകരിച്ച് ഒരു ചുവർപത്രിക തയാറാക്കുക.

## അവനവൻ പ്രസാധകനാവുമ്പോൾ...

വിവരസാങ്കേതികവിദ്യ സാർവത്രികമായതോടെ പത്രത്തിനും ടെലിവിഷനുമൊപ്പം പുതിയ ആശയവിനിമയ ഉപാധികളും വികസിച്ചുവന്നു. വെബ്സൈറ്റുകൾ, ബ്ലോഗുകൾ എന്നിവ അവയിൽ ചിലതാണ്. വെബ്ലോഗ് (Weblog) എന്നതിന്റെ ചുരുക്കപ്പേരാണ് ബ്ലോഗ് (blog). പത്രമാസികകളിൽ എഴുത്തുകാരനും വായനക്കാരനുമിടയിൽ എഡിറ്ററുടെയും പ്രസാധകന്റെയും ഇഷ്ടാനിഷ്ടങ്ങളും താൽപ്പര്യങ്ങളും ഉണ്ടാകുമല്ലോ. എന്നാൽ ബ്ലോഗുകളിലാവട്ടെ, നമ്മുടെ രചനകൾ ആരുടെയും ഇടപെടലുകളില്ലാതെ നേരിട്ട് വായനക്കാർക്കു മുമ്പിലെത്തുകയാണ്. കഥകളും കവിതകളും ലേഖനങ്ങളും മാത്രമല്ല, അനുഭവക്കുറിപ്പുകൾ, യാത്രാവിവരണങ്ങൾ, ഓർമകൾ, വാർത്തകൾ, പ്രതികരണങ്ങൾ എന്നിവയെല്ലാം നമുക്കു നമ്മുടെ ബ്ലോഗിലൂടെ വായനക്കാർക്കു മുമ്പിലെത്തിക്കാനാവും. സാഹിത്യരചനകൾ കൂടാതെ ചിത്രങ്ങൾ, കാർട്ടൂണുകൾ, ഫോട്ടോകൾ, വീഡിയോകൾ, പാട്ടുകൾ എന്നിങ്ങനെ എല്ലാ സർഗാത്മകസൃഷ്ടികളും നമുക്ക് ലോകമെങ്ങുമുള്ള ആളുകൾക്കുമുമ്പിൽ പ്രദർശിപ്പിക്കാം. ചുറ്റുമുള്ള സാമൂഹികതിന്മകളോട്, അനീതികളോട് ക്രിയാത്മകമായി പ്രതികരിക്കാനും അവ സമൂഹശ്രദ്ധയിൽ കൊണ്ടുവരാനും ബ്ലോഗുകൾ അവസരമൊരുക്കുന്നു.

നമ്മുടെ മാതൃഭാഷയിൽത്തന്നെ ഇതൊക്കെ നിർവഹിക്കുന്നതിനുള്ള സൗകര്യവും ഇന്നുണ്ട്. ഇതിനായി നാം ആദ്യം ചെയ്യേണ്ടത് നമ്മുടേതായ ഒരു ബ്ലോഗ് സൃഷ്ടിക്കുകയാണ്. ബ്ലോഗർ, വേഡ് പ്രസ് തുടങ്ങിയ സ്ഥാപനങ്ങൾ ഇതിനുള്ള സൗകര്യം തികച്ചും സൗജന്യമായി നൽകുന്നുണ്ട്. സ്വന്തമായി ഒരു ഇ-മെയിൽ വിലാസമുള്ള ആർക്കും വളരെ എളുപ്പത്തിൽ ഒരു ബ്ലോഗ് സൃഷ്ടിക്കാവുന്നതേയുള്ളൂ. ബ്ലോഗിൽ പ്രസിദ്ധീകരിക്കുന്ന (പോസ്റ്റ് ചെയ്യുന്ന) സൃഷ്ടികളെ സംബന്ധിച്ച് ബ്ലോഗ് കാണുന്ന (സന്ദർശിക്കുന്ന) ആർക്കും പ്രതികരണങ്ങൾ രേഖപ്പെടുത്താനുള്ള സൗകര്യവും ഇതിലുണ്ട്.

- സ്കൂളുമായി ബന്ധപ്പെട്ട ഒരു അനുഭവക്കുറിപ്പു തയാറാക്കി, നിങ്ങൾ സൃഷ്ടിച്ച ബ്ലോഗിൽ പോസ്റ്റ് ചെയ്യൂ. കൂട്ടുകാരുടെ ബ്ലോഗ് രചനകൾ വായിച്ച് അവയിൽ പ്രതികരണങ്ങൾ രേഖപ്പെടുത്തൂ.